മാർച്ച് 13-ന് വഞ്ചിയൂർ മൂലവിളാകം ജംഗ്ക്ഷനിൽ വച്ചുനടന്ന ലൈംഗിക അതിക്രമം, തിരുവനന്തപുരത്തെ പോലീസ് ക്വാട്ടേഴ്സിൽ 8-ാം ക്ലാസ്സുകാരി മരിച്ച സംഭവം എന്നിങ്ങനെയുള്ള നിരന്തരമായ സംഭവങ്ങൾ കേരളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.............

ശ്രീ. അൻവർ സാദത്ത്: സർ, അതുപോലെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി.യു.-വിൽ പീഡനം നടന്നു. ഇത്തരം സംഭവങ്ങളിന്മേൽ പോലീസ് കർശനമായ നടപടി സ്വീകരിക്കാത്തതിനാലാണ് നിരന്തരമായി ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.............

ശ്രീ. അൻവർ സാദത്ത്: സർ, അതിജീവിത അവിടെ സമരത്തിലാണ്. അതുപോലെതന്നെ കേരളത്തിൽ ലഹരി മാഫിയയുടെ പിടിമുറുക്കൽ ശക്തമായി വരികയാണ്. ആലുവയിൽ നടന്ന രണ്ട് സംഭവങ്ങളിലെയും പ്രതികൾ ലഹരിക്ക് അടിമകളായിരുന്നു. കേരളത്തിൽ ലഹരിമാഫിയ പിടിമുറുക്കിയിരിക്കുകയാണ്.

മി. സ്പീക്കർ: ഔട്ട് ഓഫ് സിലബസിലേയ്ക്ക് പോകാൻ പാടില്ല.............

കയറി ആക്രമിക്കുന്നു. എതിരാളികളെ വഴിയിലിട്ട് കുത്തിക്കൊല്ലുന്നു. തിരുവനന്തപുരത്തല്ലേ കാലുവെട്ടിയെടുത്ത്, വെട്ടിയെടുത്ത കാലുമായി ബൈക്കിൽ പ്രകടനം നടത്തിയത്. ഇത്തരം സംഭവങ്ങൾ ഈ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഇത്തരം സംഭവങ്ങൾ എന്തുകൊണ്ട് വർദ്ധിച്ചു വരുന്നുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ? മയക്കുമരുന്നിന്റെ വർദ്ധനവാണോ ഇതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം. ദയാരഹിതമായി, ക്രൂരമായി ക്രൈം നടത്തുന്ന ആളുകളുടെ എണ്ണമാണ് നമ്മുടെ നാട്ടിൽ വർദ്ധിച്ചു വരുന്നത്. കുഞ്ഞുങ്ങളോടെന്നോ സ്ത്രീകളോടെന്നോ പ്രായമായവരോടെന്നോ എന്നൊന്നും പരിഗണിക്കാതെയുള്ള ക്രൂരമായ അക്രമങ്ങളാണ് ഈ സംസ്ഥാനത്തെല്ലായിടത്തും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഇതിനെ നേരിടാനുള്ളൊരു പ്ലാൻ ഓഫ് ആക്ഷൻ അങ്ങയുടെ പോലീസിനുണ്ടോ; എന്താണ് പോലീസിന്റെ പദ്ധതി? നിയമസഭയിൽ ചോദ്യം ചോദിച്ചിരുന്നു. മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ബലാൽസംഗ കേസ്സുകൾ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എത്ര കേസ്സുകളിൽ മുഴുവൻ പ്രതികളെയും പിടികൂടിയിട്ടുണ്ട്. എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എത്ര കേസ്സുകളിൽ പ്രതികളെ വെറുതെ വിട്ടിട്ടുണ്ട്, വിശദാംശങ്ങൾ തരാമോ? ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ലെന്നാണ് മറുപടി. എത്ര പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല. ലഹരിക്ക് അടിമപ്പെട്ടവർ പ്രതികളായ എത്ര കൊലപാതക കേസ്സുകളും അക്രമങ്ങളും ഉണ്ടായിട്ടുണ്ടെന്ന വിശദാംശം ജില്ല തിരിച്ച് നൽകാമോ? ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല. പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ള എത്ര കേസ്സുകളുണ്ട്, പ്രതികൾക്ക് മാനസികാസ്വാസ്ഥ്യം ഉള്ളതായി ഇതിൽ എത്ര കേസ്സുകളിൽ കണ്ടെത്തിയിട്ടുണ്ട്? ഒന്നിനും ക്രോഡീകരിച്ച വിവരങ്ങളില്ല. ഒരു ഡാറ്റാബേയ്സ് നിങ്ങളുടെ പോലീസിനില്ല. നിങ്ങൾ എങ്ങനെയാണ് ക്രൈം തടയാൻ പോകുന്നത്? സംഭവമുണ്ടായിക്കഴിഞ്ഞാൽ പോലീസ് അന്വേഷിക്കും. കുറച്ചു കേസ്സുകളിൽ പ്രതികളെ കിട്ടും, കുറച്ചു കേസ്സുകളിൽ പ്രതികളെ കിട്ടില്ല. ഇതാണോ ആധുനികമായ പോലീസിംഗ്? ഈ

